**269973/2021/FAIRCOPY RCS COOP**

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് -സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന ഹയർ ഡിപ്ലോമ കോഴ്സ് (HDC) ഉം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് കോഴ്സ് (HDCM)ഉം തുല്യമായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2021/സഹ. തീയതി, തിരുവനന്തപുരം, 15/03/2021

---

പരാമർശം:
1. സ.ഉ.(കൈ)101/92/സഹ തീയതി 06.11.1992
2. സ.ഉ.(കൈ)26/2011/സഹ തീയതി 16.02.2011
3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് ഡയറക്ടറുടെ 12/03/2021 ലെ ICTVM/HDCM/2020-21 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സഹകരണ വകുപ്പിലെ ജൂനിയർ കോ-ഓപ്പറേറ്റീവ് തസ്തികയുടെ നിയമനത്തിനായി സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (HDC) കോഴ്സ് ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ അംഗീകാരത്തോടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (HDCM) കോഴ്സ് സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന എച്ച്.ഡി.സി കോഴ്സിനു തുല്യമായി അംഗീകരിച്ച ഉത്തരവ് നിലവിലില്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത യോഗ്യത ആർജ്ജിച്ചിട്ടുള്ള സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾക്ക് സഹകരണ വകുപ്പിലെ നിയമനങ്ങൾക്കായി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന മത്സര പരീക്ഷകൾക്ക് അവസരം ലഭിക്കാൻ സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന എച്ച്.ഡി.സി (HDC) കോഴ്സിനു തുല്യമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (HDCM) കോഴ്സ് അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചു. മാത്രമല്ല ഇതേ ആവശ്യം ഉന്നയിച്ച ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (HDCM) യോഗ്യത ആർജ്ജിച്ചിട്ടുള്ള വിദ്യാർത്ഥികളും നിവേദനം നൽകിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി.എം) കോഴ്സും, സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (HDC) കോഴ്സും തത്തുല്യമായ യോഗ്യതയായി അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

(3) 2011 ൽ Kerala Co -operative Audit Subordinate Service പരാമർശം (3) പ്രകാരം അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (HDCM) ഉം ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (HDC) ഉം തത്തുല്യ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. 1962 ലെ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം സഹകരണ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലെ നിയമനങ്ങൾക്കായി നിശ്ചയിച്ചിരിക്കുന്ന യോഗ്യത കാലാനുസൃതമായി പരിഷ്കരിച്ച് ഭേദഗതി ചെയ്യുന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത ഭേദഗതി നിർദ്ദേശത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (HDCM) കോഴ്സ്, ഒരു യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(4) സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് മുഖേനയും പി.എസ്.സി മുഖേനയും സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് ട്രെയിനിംഗ് നടത്തി വരുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (HDCM) എന്ന കോഴ്സ് യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

(5) ഈ സാഹചര്യത്തിൽ സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലെ നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള, സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (HDC) കോഴ്സിനു, തുല്യ യോഗ്യതയായി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് നടത്തി വരുന്ന ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ് (HDCM) കോഴ്സ് അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
പി.എസ്.രാജേഷ്,
അഡീഷണൽ സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ് മെന്റ്, പി.ബി.നം.2707, പി.ഒ., പൂജപ്പുര, മുടവൻമുഗൾ, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (എ 2/81/2021/സഹ)

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ